**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1963 — 04.10.2011 - ലെ മറുപടിക്ക്

**നഗരസഭകളുടെ കാര്യശേഷി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മിക്ക നഗരസഭ കളും കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന വാർത്ത യുടെ നിജസ്ഥിതി വ്യക്തമാക്കാമോ ; | (എ) നഗരസഭകൾ വിവിധ സ്ഥാപനങ്ങൾക്ക് നിയമാനുസൃതം നൽകേണ്ട തുക (വാട്ടർചാർജ്ജ്, ലൈബ്രറിസെസ് തുടങ്ങിയവ) നൽകുന്നതിൽ വീഴ്ച വരുത്തുന്ന സന്ദർഭങ്ങളിൽ കുടിശ്ശിക തുക അവയ്ക്ക് അർഹമായ ഗ്രാന്റിൽ നിന്നും കുറവ് ചെയ്യുന്നുണ്ട്. ആയത് ചില നഗരസഭകൾക്ക് ബുദ്ധിമുട്ടുണ്ടാക്കു ന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നഗരസഭകളുടെ സാമ്പത്തിക ശേഷിയും അതോടൊപ്പം കാര്യശേഷിയും വർദ്ധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനു ദ്ദേശിക്കുന്നത് ; | (ബി) നഗരസഭകളുടെ സാമ്പത്തിക ശേഷി വർദ്ധിപ്പിക്കുന്നതിന് റവന്യൂ കളക്ഷൻ ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഗരസഭകളിൽ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കാൻ KILA മുഖേന ട്രെയിനിംഗ് നൽകി വരുന്നുണ്ട്. |

(സി) നഗരങ്ങളുടെ ആസൂത്രണ വികസനത്തിലെ പാകപ്പിഴകൾ തിരിച്ചറിഞ്ഞ് കേന്ദ്രസർക്കാർ 2005-06-ൽ ആവിഷ്ക്കരിച്ച ജവഹർലാൽ നെഹ്റു ദേശീയ നവീകരണ പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

(സി) തിരഞ്ഞെടുക്കപ്പെട്ട നഗരസഭകളിൽ ഭരണപരിഷ്ക്കാര നടപടികളിലൂടെ അതിവേഗത്തിലുള്ള ആസൂത്രിത വികസനം ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ പദ്ധതിയിൻകീഴിൽ ജലവിതരണ പദ്ധതി, സ്വീവറേജ് സ്കീം, ഖരമാലിന്യ നിർമ്മാർജ്ജനം, ഉപരിതലജല നിർഗ്ഗമന പദ്ധതി, ആധുനിക ബസുകൾ വാങ്ങൽ ഈ-ഗവേണൻസ് ഹെറിറ്റേജ് പ്രോജക്ട് എന്നീ പ്രോജക്ടുകൾ തിരുവനന്തപുരം, കൊച്ചി നഗരസഭകളിൽ നടപ്പിലാക്കി പുരോഗതി കൈവരിച്ചുവരുന്നു. പല ഉപപദ്ധതികളും 100% പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് രണ്ട് കോർപ്പറേഷനുകളിലും പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ